5. ശ്രീ. ജസ്റ്റിസ് ടി. ചന്ദ്രശേഖര മേനോൻ കമ്മീഷൻ 14-1-1999 ന് ശബരിമലയിലുണ്ടായ ദുരന്തം. എന്നീ 5 കമ്മീഷനുകളുടെ റിപ്പോർട്ടുകൾ ലഭിച്ചിട്ടുണ്ട്.

(സി) ശ്രീ.ജസ്റ്റിസ് ടി. ചന്ദ്രശേഖര മേനോൻ കമ്മീഷൻ റിപ്പോർട്ടിന്മേലുള്ള നടപടികൾ ഒഴിച്ച് ബാക്കി നാല് കമ്മീഷൻ റിപ്പോർട്ടിന്മേലും സ്വീകരിച്ച നടപടികളുടെ സ്റ്റേറ്റ്മെന്റ് നിയമസഭയിൽ സമർപ്പിച്ചിട്ടുണ്ട്.

(ഡി) ലഭിച്ച അന്വേഷണ കമ്മീഷൻ റിപ്പോർട്ടുകൾ ഒന്നും തള്ളിക്കളഞ്ഞിട്ടില്ല.

(ഇ) ഇപ്പോൾ നിലവിലുള്ള കമ്മീഷനുകളിൽ ശ്രീ. സി. ഖാലിദ് കമ്മീഷൻ, ജസ്റ്റിസ് ജി. ശശിധരൻ കമ്മീഷൻ, ശ്രീ. കെ. പി. നാരായണൻ നായർ കമ്മീഷൻ, ശ്രീ. കെ. തങ്കപ്പൻ കമ്മീഷൻ എന്നീ കമ്മീഷനുകളുടെ കാലാവധി നീട്ടിക്കൊടുത്തിട്ടുണ്ട്.

പ്രവാസി മലയാളികൾ

137 (1072) ശ്രീ. സി. ടി. അഹമ്മദ് അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് എത്ര പ്രവാസി മലയാളികൾ ഉണ്ടെന്നും ഏതെല്ലാം രാജ്യത്ത് എത്ര പേർ ഉണ്ടെന്നും വ്യക്തമാക്കാമോ ;

(ബി) പ്രസ്തുത പ്രവാസി മലയാളികൾക്ക് എന്തെല്ലാം സഹായങ്ങളാണ് ഗവൺമെന്റ് നൽകിവരുന്നതെന്ന് വ്യക്തമാക്കാമോ ;

(സി) പുതുതായി എന്തെല്ലാം ആനുകൂല്യങ്ങളും സഹായങ്ങളുമാണ് ഗവൺമെന്റ് നൽകാൻ ഉദ്ദേശിക്കുന്നത് ;

(ഡി) പ്രസ്തുത പദ്ധതികൾ എന്നേയ്ക്ക് നടപ്പിലാക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) 1998-1999-ൽ എക്കണോമിക്സ് ആന്റ് സ്റ്റാറ്റിസ്റ്റിക്സ് വകുപ്പ് നടത്തിയ സർവ്വേ പ്രകാരം 11.406 ലക്ഷം പ്രവാസി മലയാളികൾ ഉള്ളതായി കണക്കാക്കപ്പെടുന്നു. രാജ്യം തിരിച്ചുള്ള കണക്ക് താഴെ കൊടുക്കുന്നു.

രാജ്യം	പ്രവാസി മലയാളികൾ (ആയിരത്തിൽ)
സൗദി അറേബ്യ	413.1
യു. എ. ഇ	408.7
കുവൈറ്റ്	52.7
മറ്റ് ഗൾഫ് രാജ്യങ്ങൾ	210.5

LIBRARY ARCHIVES Kerala Legislative Assembly

യു. എസ്. എ	17.6
യു.കെ	2.7
അമേരിക്കൻ ഭൂഖണ്ഡത്തിലെ മറ്റ് രാജ്യങ്ങൾ	10.7
ആഫ്രിക്കൻ ഭൂഖണ്ഡത്തിലെ രാജ്യങ്ങൾ	4.4
യുറോപ്യൻ ഭൂഖണ്ഡത്തിലെ രാജ്യങ്ങൾ	5.1
ഏഷ്യൻ ഭൂഖണ്ഡത്തിലെ രാജ്യങ്ങൾ	14.1
ആസ്ട്രേലിയ	1.0
ആകെ	1140.6

(ബി) 1996 ഡിസംബർ 6-ാം തീയതി പ്രവാസി കേരളീയ കാര്യവകുപ്പ് രൂപീകരിച്ചു. പ്രവാസി ക്ഷേമത്തിനുതകുന്ന പദ്ധതികൾ, തിരിച്ചു വരുന്നവരുടെ പുനരധിവാസം എന്നിവ നടപ്പാക്കുവാൻ പ്രവാസി കേരളീയ ക്ഷേമ ഏജൻസിക്ക് (നോർക്ക) 1998 ജൂൺ 2-ന് രൂപം നൽകി. പ്രവാസി സുരക്ഷാ ക്ഷേമ പദ്ധതി, പ്രവാസി കുടുംബ ആരോഗ്യ പദ്ധതി, പ്രവാസി വനിതാ സുരക്ഷാ പദ്ധതി എന്നീ ഇൻഷ്വറൻസ് പദ്ധതികൾ നടപ്പിലാക്കി. പ്രവാസി പെൻഷൻ പദ്ധതിക്ക് രൂപം നൽകി. രണ്ടായിരമാണ്ട് മുതൽ നൽകുന്ന റേഷൻ കാർഡുകളിൽ പ്രവാസി കേരളീയരുടെ പേരും വിവരവും ഉൾപ്പെടുത്തുവാൻ തീരുമാനിച്ചു. പ്രവാസി കേരളീയർക്ക് സംസ്ഥാന സർക്കാരിൽ ഉദ്യോഗം ലഭിച്ചാൽ ജോലിയിൽ പ്രവേശിക്കുന്നതിന് ആറ് മാസം വരെ സമയം ദീർഘിപ്പിച്ചു. എമർജൻസി റിപാട്രിയേഷൻ ഫണ്ട്, എൻ. ആർ. കെ. ഇൻഫ്രാസ്ട്രക്ചർ ഇനിഷ്യേറ്റീവ് ഫണ്ട് എന്നിവയ്ക്ക് രൂപം നൽകി. നോർക്ക വെബ്സൈറ്റിന് രൂപം നൽകി. ഇതു കൂടാതെ നോർക്ക വകുപ്പിൽ പ്രവാസി കേരളീയരിൽ നിന്നും ലഭിക്കുന്ന നിവേദനങ്ങളിന്മേലും പരാതികളിന്മേലും ബന്ധപ്പെട്ട ഇന്ത്യൻ എമ്പസികൾ, കോൺസുലേറ്റുകൾ, കേന്ദ്ര വിദേശ കാര്യ മന്ത്രാലയം, എമിഗ്രേഷൻ ,ഓഫീസുകൾ, പാസ്പോർട്ട് ഓഫീസുകൾ, സംസ്ഥാന സർക്കാരിന്റെ വിവിധ വകുപ്പുകൾ എന്നിവ വഴി പരിഹാരം കണ്ടുവരുന്നു.

(സി) വിദേശത്തുനിന്നും തിരിച്ചുവരുന്ന മുഴുവൻ മലയാളികൾക്കും ഇൻഷ്വറൻസ് സംരക്ഷണം ഏർപ്പെടുത്തുവാൻ ഉദ്ദേശിച്ചുള്ളതാണ് ഈ പദ്ധതി. തിരിച്ചുവരുന്ന വിദേശമലയാളികളെ അപകടമരണത്തിനെതിരേയും അപകടം മൂലമുള്ള പൂർണ്ണ അംഗവൈകല്യത്തിനെതിരേയും ഇൻഷ്വർചെയ്യുന്നതിനുള്ള പദ്ധതിയാണ് ആലോചനയിലുള്ളത്.

സാമ്പത്തികമായി പിന്നോക്കാവസ്ഥയിൽ കഴിയുന്ന തിരികെ വന്ന വിദേശ

LIBRARY ARCHIVES Kerala Legislative Assembly

മലയാളികൾ അനുഭവിച്ചുവരുന്ന ആവശ്യതകൾക്ക് ഒരു പരിധിവരെ ആശ്വാസമേകാനായി പ്രവാസി ക്ഷേമനിധി ആരംഭിക്കുന്നതിനുള്ള സാധ്യതയും പരിശോധിച്ചു വരുന്നു.

(ഡി) ചോദ്യം ഉദിക്കുന്നില്ല.

ഹോട്ടലുകളിൽ വെളിച്ചെണ്ണ ഉപയോഗിക്കണമെന്ന നിർദ്ദേശം

138 (1073) ശ്രീ. പി. ജെ. ജോയി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-വിനോദസഞ്ചാര-നിയമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ ഹോട്ടലുകളിൽ വെളിച്ചെണ്ണ ഉപയോഗിക്കണമെന്നും കരിക്കിൻവെള്ളം വിതരണം ചെയ്യണമെന്നും ഗവൺമെന്റ് നിർദ്ദേശിച്ചിട്ടുണ്ടോ ;

(ബി) എങ്കിൽ എന്നുമുതലാണ് ഇത് നടപ്പിലാക്കിയിട്ടുള്ളത് ;

(സി) വിശദവിവരം വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) ഇല്ല.

(ബി & സി) ചോദ്യം ഉദിക്കുന്നില്ല.

റേഷൻകാർഡ് അദാലത്ത്

139 (1074) ശ്രീ. ചെർക്കളം അബ്ദുള്ള : താഴെ കാണുന്ന ചോദ്യത്തിന് ഭക്ഷ്യ-വിനോദസഞ്ചാര-നിയമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

പുതിയ റേഷൻകാർഡുകൾ നൽകുന്നതിനും ഉള്ള കാർഡിൽ പേരുകൾ കൂട്ടിച്ചേർക്കുന്നതിനും എല്ലാ വില്ലേജുകളിലും റേഷൻകാർഡ് അദാലത്ത് നടത്തുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

ഇക്കാര്യം ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലല്ല.

കുന്നത്തുനാട്ടിലെ സഞ്ചരിക്കുന്ന മാവേലിസ്റ്റോറിന്റെ പ്രവർത്തനം

140 (1075) ശ്രീ. എം. പി. വർഗ്ഗീസ് : താഴെ കാണുന്ന ചോദ്യത്തിന് ഭക്ഷ്യ-വിനോദസഞ്ചാര-നിയമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

കുന്നത്തുനാട് നിയോജകമണ്ഡലത്തിൽ പ്രവർത്തിച്ചു വന്നിരുന്ന സഞ്ചരിക്കുന്ന മാവേലിസ്റ്റോറിന്റെ പ്രവർത്തനം പുനഃരാരംഭിക്കാൻ നടപടി സ്വീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly